"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വയനാട്, പാലക്കാട് ജില്ലകളിൽ നിയമിച്ചിട്ടുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ വാഹന വാടക നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2024/LSGD    തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:-

1. ഗ്രാമവികസന കമ്മീഷണറുടെ 28.10.2008-ലെ 40184/NREGA Cell/07/CRD (vii) നമ്പർ നടപടിക്രമം
2. 33-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ 8.1-ാം നമ്പർ നമ്പർ തീരുമാനം
3. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.11.2022-ലെ NREGA/222/2021-E3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ വയനാട്, പാലക്കാട് ജില്ലകളിൽ നിയമിച്ചിട്ടുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരിൽ അട്ടപ്പാടി ബി.പി.ഒ.യ്ക്ക് 25,000/- രൂപയും മറ്റ് ബി.പി.ഒ.മാർക്ക് 15,000/- രൂപയുമാണ് നിലവിൽ പ്രതിമാസ വാഹനവാടകയുടെ പരിധിയായി പരാമർശം (1) പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ഇന്ധനവില വർദ്ധനവ് കാരണം ടി നിരക്കുകളിൽ നിലവിൽ വാഹനം വാടകയ്ക്ക് ലഭ്യമാകാത്തതിനാൽ ടി വാഹന വാടക നിരക്കുകൾ വർധിപ്പിക്കണമെന്ന മിഷൻ ഡയറക്ടറുടെ അഭ്യർത്ഥന സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം ചർച്ച ചെയ്യുകയും പരാമർശം (2) പ്രകാരം പുതുക്കിയ നിരക്കുകൾ ശിപാർശ ചെയ്യുകയുമുണ്ടായി. ടി നിരക്കുകൾ അംഗീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, പൂർണ്ണമായും കേന്ദ്ര വിഹിതമായ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും വഹിക്കേണ്ടതാണെന്ന നിബന്ധനയോടെ വയനാട്, പാലക്കാട് ജില്ലകളിലെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ വാഹന വാടക നിരക്ക് ചുവടെ പറയുന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.



File No. NREGA/678/2024-A1 (Computer No. 102415)
Generated from eOffice by ANSHY.A.C, A1 NREGS, A1 NREGS, MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEM

| ക്രമ നം. | ജില്ല | ഓഫീസ് | നിലവിലെ പ്രതിമാസ വാടക (₹) | പുതുക്കിയ പ്രതിമാസ പരമാവധി വാടക (₹) | പ്രതിമാസ ദൂര പരിധി (കി.മീ) | പ്രതിമാസ ദൂരപരിധിക്ക് അധികമായി ഉപയോഗിക്കുന്ന കിലോമീറ്ററിന് നൽകാവുന്ന തുക (രൂപ/ കി.മീ) |
|---|---|---|---|---|---|---|
| 1 | വയനാട് | ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | 15,000/- | 30,000/- | 2000 | 17/- |
| 2 | പാലക്കാട് | ബ്ലോക്ക് പ്രോഗ്രാം ഓഫീസ്, അട്ടപ്പാടി | 25,000/- | 30,000/- | 2000 | 17/- |
| | | അട്ടപ്പാടി ഒഴികെയുള്ള മറ്റ് ബ്ലോക്ക് പ്രോഗ്രാം ഓഫീസുകൾ | 15,000/- | 30,000/- | 2000 | 17/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർമാർ(പാലക്കാട് & വയനാട്)
ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്ക്(മിഷൻ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഇ.നം./2282042/ധവ.3/278/2022/ധന തീയതി 25.06.2024)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്